# 4

# ക്രിസ്തുവിന്റെ ശരീരം

*"എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേ റയായി അവയവങ്ങളും ആകുന്നു" (1 കൊരിന്ത്യർ 12:27).*

ഒരു മനുഷ്യൻ ഒരു പ്ലെയിൻ ഒരു കാറായി ഉപയോഗിക്കുവാൻ ശ്രമിച്ചു എന്നു വിചാരിക്കുക. അയാൾക്കു പ്ലെയിൻ ഗിയർ മാറാൻ പാടുപെട്ടു ഓരോ മൂലയും തിരിക്കുവാൻ ശ്രമിക്കുന്നതു അസാധാരണമാകും, കാരണം അതു കരയിലെ യാത്രയ്ക്കു സുഖകരമല്ല, കരയിൽ യാത്ര ചെയ്യുവാൻ രൂപപ്പെടുത്തിയതല്ല അത്, ഹൈവേയിലെ തിരക്കിൽ അതു ഓടിക്കുവാൻ പറ്റിയതല്ല. അതുകൊണ്ടു പ്ലെയിൻ കാറായി ഉപയോഗിക്കുന്നത് അതിന്റെ "അസാധാരണ സ്വഭാവം" അനുസരിച്ചു യോജിച്ചതല്ല. അതു ആ ഉപയോഗത്തിനു പണിതതല്ല, ആ വിധത്തിൽ അതിനെ ഉപയോഗിച്ചാൽ അതിന്റെ സ്വഭാവത്തെ ലംഘിക്കുന്നതായിതീരും.

സഭയുടെ സ്വഭാവം തെറ്റിദ്ധരിച്ചതു കൊണ്ടു പുതിയ നിയമ സഭയുടെ ചിത്രം പലപ്പോഴും തെറ്റായി ചിത്രീകരിക്കപ്പെട്ടിരിക്കയാണ്.അതു കൊണ്ടു, സഭയുടെ "അനുപേക്ഷണീയ സ്വഭാവത്തെ" മനസ്സിലാക്കേണ്ടതു ആവശ്യമാണ്, കാരണം എങ്കിലേ അതിന്റെ പ്രവർത്തനം, ഉദ്ദേശം, ലോകത്തിലെ അതിന്റെ തിരിച്ചറിവു എന്നിവ അറിയുകയുള്ളു.

നാം കണ്ടതുപോലെ പുതിയ നിയമത്തിലെ ഒരു മുഖ്യ പ്രകടനം (പ്രത്യേകിച്ചു പൗലൊസിന്റെ എഴുത്തുകളിൽ) സഭയെ "ക്രിസ്തുവിന്റെ ശരീരമായി" പ്രസ്താവിച്ചിരിക്കുന്നു.[1] ആ പ്രയോഗം സഭയുടെ പ്രായോഗികചിത്രീകരണമായും (1 കൊരിന്ത്യർ 12:23–26) സഭയുടെ പ്രവർത്തന ചിത്രീകരണവും വ്യക്തമാക്കുന്നു (1 കൊരിന്ത്യർ 12:27). സഭയെ സംബന്ധിച്ചു വിവരിക്കുന്ന ഈ പദപ്രയോഗം മനസ്സിലായില്ലെങ്കിൽ പുതിയനിയമസഭയുടെ സ്വഭാവം മനസ്സിലാകുകയില്ല.

സഭയ്ക്കു പുതിയ നിയമം നല്കിയിരിക്കുന്ന പദവിയിൽ നമുക്കു പ്രത്യേകമായി ശ്രദ്ധിക്കാം. ആ പ്രകടനം എന്താണ് ബോധ്യമാക്കുന്നത്?

## ക്രിസ്തുവിനോടു കൂടെ ചേരൽ

ആദ്യം, ആ പദപ്രയോഗം ക്രിസ്തുവിനോടു കൂടെയുളള ചേരൽ സൂചിപ്പിക്കുന്നു. പരിവർത്തനം, "ഒരാൾക്കു ക്രിസ്തുവിനോടുളള ഭക്തി യേക്കാൾ കൂടുതലാണ്." ഒരാൾ ക്രിസ്തുവിന്റെ ആത്മീയ ശരീരത്തിൽ പ്രവേശിക്കുന്നതോടെ പ്രത്യേകമായി ക്രിസ്തുവിനോടു ഐകമത്യ പ്പെടുന്നു.

ക്രിസ്തുവിലായിത്തീരുന്ന പരിവർത്തനപ്രക്രിയയിൽ, ക്രിസ്തു വിനോടു ചേരുവാൻ നാം സ്നാനം ഏല്ക്കുന്നു. പൗലൊസ് എഴുതി, "അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?" (റോമർ 6:3). ക്രിസ്തുവിനോടു ഏകീഭവിക്കുന്ന ആശയം റോമർ 6:4–ൽ ദൃശ്യമാണ്. "അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാന ത്താൽ *അവനോടുകൂടെ* കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്ക ത്തിൽ നടക്കേണ്ടതിനു തന്നേ." (എംഫസിസ് മൈൻ.) പൗലൊസ് പിന്നെയും പറഞ്ഞു, "നാമെല്ലാവരും ഏകശരീരം ആകേണ്ടതിന്നു ഏകാത്മാവിനാൽ സ്നാനം ഏറ്റും ..." (1 കൊരിന്ത്യർ 12:13). പിന്നെ, സ്നാനത്തിൽ, അവന്റെ ആത്മിക ശരീരത്തിൽ ചേരേണ്ടതിനു നാം അവനോടു കൂടെ ഏകീഭവിക്കുന്നു.

ഈ ഏക, ആത്മീയ ഒത്തുചേരലിനെ വിവാഹവുമായി താരതമ്യ പ്പെടുത്താം. ഒരു സ്ത്രീയും പുരുഷനും വിവാഹബന്ധത്തിൽ പ്രവേ ശിക്കുമ്പോൾ, "രണ്ടു വ്യക്തികൾ ഒരുമിച്ചു ജീവിക്കുവാൻ തുട ങ്ങുന്നു" എന്നതിനേക്കാൾ കൂടുതൽ അടങ്ങിയിട്ടുണ്ട്. വിവാഹത്തിൽ, ഒരു ഏകീഭവിക്കൽ – ജീവിതത്തിൽ ഭാര്യയും ഭർത്താവും "ഏക ദേഹ മായി" തീരുന്നു (എഫെസ്യർ 5:31). ഒരു ദമ്പതിമാരായവരെ നാം, "അവ രുടെ പ്രതിജ്ഞകൾ എടുത്തവർ" എന്നു പറയാറുണ്ട്. ഒരു പക്ഷെ ഇങ്ങനെ പറയുന്നതായിരിക്കും കൂടുതൽ ഉചിതം, "അവർ വിവാഹ ത്തിൽ ഏകീഭവിക്കാനായി ചേർന്നു." "ഏകീഭവിക്കൽ" എന്ന വാക്ക് തുടർച്ചയായ ഏകീഭവിക്കലിനെ സൂചിപ്പിക്കുന്നു. വിവാഹം രണ്ടു പേർ തുടർച്ചയായി ഒരുമിച്ചു നടക്കുവാനോ അല്ലെങ്കിൽ ഒരേ വീട്ടിൽ താമ സിക്കുവാനുളള സമ്മതമോ മാത്രമല്ല; വിവാഹം, ജീവിതത്തിൽ രണ്ടു പേരും ഒന്നാകുവാനുളള സമ്മതമാണ്. അതിനെ മരണമോ, വ്യഭിചാ രമോ മാത്രമേ വേർപിരിക്കയുള്ളൂ എന്ന വിവാഹ ഏകീഭവിക്കലാണ്. അവർ അങ്ങനെ വിവാഹത്തിൽ പ്രവേശിക്കുമ്പോൾ അവരുടെ ശരീ രങ്ങളിൽ പോലും ഒരാൾക്കു മാത്രം ഉള്ള അധികാരം ഇല്ലാതാകുന്നു. പൗലൊസ് എഴുതി, "ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല, ഭർത്താവിന്നത്രേ അധികാരം ഉളളത്; ഭർത്താവിന്റെ ശരീരത്തിന്മേൽ അവന്നല്ല, ഭാര്യക്കത്രേ അധികാരം ഉള്ളത്" (1 കൊരിന്ത്യർ 7:4).

അതേപോലെ പരിവർത്തനത്തിൽ, അവന്റെ സഭയാകുന്ന ആത്മിക ശരീരത്തിൽ ക്രിസ്തുവിനോടു നാം ഏകീഭവിക്കയാണ് ക്രിസ്തുവിനോടു കൂടെ നാം ഒന്നായിത്തീരുന്നു – നാം ക്രിസ്തുവി

ന്റേയും, ക്രിസ്തു നമ്മുടേതും ആകുന്നു. നമ്മുടെ ജീവിതത്തിൽ പിന്നെ നമുക്കു ഒരധികാരവും ഇല്ല; നാം ക്രിസ്തുവിനുള്ളവരാകുന്നു – നാം അവനോടു കൂടെ എപ്പോഴും അവനിൽ ഒന്നായി ജീവിക്കുന്നു (1 കൊരിന്ത്യർ 6:16).

**ക്രിസ്തു മുഖാന്തരം ഉള്ള ഐക്യത**

രണ്ടു, സഭയെ "ക്രിസ്തുവിന്റെ ശരീരം" വിവരിക്കുന്നു, ക്രിസ്തു മുഖാന്തരം ഉള്ള ഐക്യതയെ വ്യക്തമാക്കുന്നു. അനേകം അവയവങ്ങൾ ഒത്തൊരുമിച്ചു പ്രവർത്തിക്കുന്ന ഒരു ശരീരം പോലെയാണ് സഭ എന്നു അതു ചിത്രീകരിക്കുന്നു.

പൗലൊസ് എഴുതി, "ശരീരം ഒന്നും, അതിനു അവയവം പലതും ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും" (1 കൊരിന്ത്യർ 12:12). അനവധി അവയവങ്ങൾ ഉള്ള ഒന്നാണ് ക്രിസ്തുവിന്റെ ശരീരം. പൗലൊസ് പറഞ്ഞതുപോലെ ഭൗതിക ശരീരത്തെപോലെയാണ് സഭയും: "ശരീരം ഒരു അവയവമല്ല, പലതത്രെ"; "സകലവും ഒരു അവയവം എങ്കിൽ ശരീരം എവിടെ?" (1 കൊരിന്ത്യർ 12:14, 19). അങ്ങനെ ക്രിസ്ത്യാനികൾ "ഒരു ശരീരവും വ്യക്തികൾ അതിലെ അവയവങ്ങളും അത്രേ" (1 കൊരിന്ത്യർ 12:27).

"ക്രിസ്തുവിന്റെ ശരീരം" എന്ന പദപ്രയോഗം പറയുന്നതു നാം ക്രിസ്തുവിനുള്ളവരാണ് എന്നാണ്. ഭൗതിക ശരീരത്തിലെ അവയവങ്ങൾ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നതു പോലെ നാമും അന്യോന്യം ബന്ധമുള്ളവരായിരിക്കുന്നു. ശരീരത്തിലെ ഒരവയവം കഷ്ടപ്പെടുമ്പോൾ, എല്ലാ അവയവങ്ങളും സഹതപിക്കയും കഷ്ടപ്പെടുകയും ചെയ്യുന്നു. "ശരീരത്തിൽ" നിന്നു പിരിയുന്ന ആശയത്തെക്കുറിച്ചു ഇതാണ് പറയുന്നത്: "ശരീരത്തിൽ ഭിന്നത വരാതെ അവയവങ്ങൾ അന്യോന്യം ഒരു പോലെ കരുതേണ്ടതിനായി ദൈവം കുറവുള്ളതിനു അധികം മാനം കൊടുത്തുകൊണ്ടു ശരീരത്തെ കൂട്ടിചേർത്തിരിക്കുന്നു. ആകയാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ അവയവങ്ങൾ ഒക്കെയും കഷ്ടം അനുഭവിക്കുന്നു. ഒരു അവയവത്തിനു മാനം വന്നാൽ അവയവങ്ങൾ ഒക്കെയും കൂടെ സന്തോഷിക്കുന്നു" (1 കൊരിന്ത്യർ 12:25, 26).

"ക്രിസ്തുവിന്റെ ശരീരം" എന്ന പ്രയോഗം മനസ്സിലായാൽ, നാമധേയവിഭാഗ വാദം ഇല്ലാതാകും. നാമധേയ വിഭാഗങ്ങൾ പല വിവിധ ശരീരങ്ങളെ പ്രതിനിധാനം ചെയ്യുന്നു, വ്യത്യസ്ത വിശ്വാസങ്ങളും തിരിച്ചറിവും ആണ് അവർക്കുള്ളത്. എന്നാൽ "ക്രിസ്തുവിന്റെ ശരീരം" എന്ന പുതിയനിയമ ആശയം നല്കുന്നതു ക്രിസ്തുവിന്റെ ശരീരം ആയ ഏക സഭയെയാണ്. അതിൽ ഓരോ ക്രിസ്ത്യാനിയും ഓരോ അവയവമായി അന്യോന്യം ഒരു ശരീരമായിരിക്കുന്നു. പുതിയ നിയമ സഭ ക്രിസ്തുവിന്റെ ശരീരമാണെങ്കിൽ, നാമധേയ വിഭാഗങ്ങൾ ദൈവം രൂപകല്പന ചെയ്ത "ഏകസഭ" ആകുകയില്ല; നാമധേയ വിഭാഗം ശരിയാണെങ്കിൽ, പുതിയനിയമസഭ ക്രിസ്തുവിന്റെ ശരീരമായിരി

ക്കയില്ല.

അവനെ കാണിച്ചു കൊടുത്തു പിടിക്കുവാനിരുന്ന രാത്രിയിൽ, പിന്നീടു തന്നിൽ വിശ്വസിക്കാനിരിക്കുന്നവരുടെ ഐക്യതക്കു വേണ്ടി പ്രാർത്ഥിക്കുകയുണ്ടായി (യോഹന്നാൻ 17:21-24). മരിച്ചവരിൽ നിന്നു അവൻ ഉയർത്തെഴുന്നേറ്റ ശേഷം പെന്തെക്കൊസ്തുനാളിൽ, അവൻ തന്റെ സഭ സ്ഥാപിച്ചു, അതു അവന്റെ ഭൗതിക ശരീരം പോലെ, അതിനെ നിർമ്മിക്കുകയും ആ ഐക്യത നിലനിർത്തുവാനുമാണ് അവൻ പ്രാർത്ഥിച്ചത്. നാം ക്രിസ്തുവിന്റെ ശരീരത്തിൽ പ്രവേശിക്കുമ്പോൾ, ആ ശരീരത്തിലുള്ള എല്ലാ അംഗങ്ങളുമായി ഐക്യതയിലാകുന്നു. വിഭജിക്കുന്ന ചുമരുകൾ എല്ലാം തകർത്തുകളഞ്ഞു: "അതിൽ യെഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നുമില്ല നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ" (ഗലാത്യർ 3:28).

ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങൾ അനുഭവിക്കുന്ന ഐക്യത, ഭൗതിക ശരീരത്തിലെ ഐക്യത പോലെയാണ് - ഒരുമിച്ചു പ്രവർത്തിക്കുന്നു, അനോന്യം സ്നേഹിക്കുകയും അന്യോന്യം സഹതപിക്കുകയും ചെയ്യുന്നു. ഭൗതിക ശരീരത്തിലെ ഒരവയവം മറ്റവയവങ്ങളോടു മത്സരിക്കുന്നില്ല. ഓരോ അവയവവും മറ്റംഗങ്ങളുമായി ഒത്തു പ്രവർത്തിക്കുന്നു. അത്തരം സംഘടിതമായ പ്രവർത്തനം ശരീരത്തിൽ ഉറപ്പുവരുത്തുന്നു.

തന്റെ ജനത്തോടു യേശു ആവശ്യപ്പെട്ട ഏക കാര്യം, അവർ ഭൂമിയിൽ തന്റെ ശരീരമായിത്തീരുക എന്നതാണ്. എല്ലാ തരത്തിലും പേരിലും ഉള്ള വിഭാഗങ്ങൾ ആകുവാനല്ല അവൻ ആവശ്യപ്പെട്ടത്. അവന്റെ ഏക ആത്മീയ ശരീരത്തിലാകുവാനുള്ള അവന്റെ ആവശ്യം നിറവേറ്റുവാനാണ് അവനോടു ഭക്തിയും ആദരവും മഹത്വവും കൊടുക്കുന്നവർ ശ്രമിക്കുക.

### ക്രിസ്തുവിനു വേണ്ടിയുള്ള ഉപയോഗം

മൂന്ന്, "ശരീരം" എന്ന സഭയെ സംബന്ധിച്ച വിശദീകരണം പറയുന്നതു ക്രിസ്തുവിനു വേണ്ടിയുള്ള അതിന്റെ ഉപയോഗത്തെയാണ് ഈ ലോകത്തു ക്രിസ്തുവിന്റെ പ്രവൃത്തി ചെയ്യുന്നതിനെയാണ് അതു സൂചിപ്പിക്കുന്നത്.

തന്റെ ജീവിതവും സേവനവും നിമിത്തം, "എനിക്കു, ജീവിക്കുന്നതു ക്രിസ്തു, ..." (ഫിലിപ്പിയർ 1:21) എന്നു പൗലൊസിനു പറയാൻ കഴിഞ്ഞു. അവൻ നാമധേയ വിഭാഗത്തെയോ അല്ലെങ്കിൽ മനുഷ്യനിർമ്മിതമായ കൂട്ടത്തിന്റെയോ അല്ലെങ്കിൽ സംഘടനയെയോ അല്ല പ്രതിനിധീകരിച്ചത്, അവൻ ക്രിസ്തുവിന്റെ ആത്മീയ ശരീരത്തിലെ അംഗമായി മാത്രം നിലകൊണ്ടു. താൻ മനുഷ്യർക്കിടയിലെ ദൈവത്തിന്റെ തിരപ്പിക്കുന്ന ഉപകരണമാണെന്നു അവൻ മനസ്സിലാക്കി: "ആകയാൽ, ഞങ്ങൾ ക്രിസ്തുവിന്നു വേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു; അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതു

പോലെ ആകുന്നു" (2 കൊരിന്ത്യർ 5:20). ക്രിസ്തുവിന്റെ ശരീരത്തിനു വേണ്ടിയാണ് താൻ കഷ്ടം അനുഭവിക്കുന്നതു എന്നു പൗലൊസ് കണ്ടു: "ഇപ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടിയുളള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു, ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു തന്റെ ജഡത്തിൽ (സഭയായ) അവന്റെ ശരീരത്തിനു വേണ്ടി പൂരിപ്പിക്കുന്നു" (കൊലൊസ്യർ 1:24).

ക്രിസ്തുവിന്റെ വേല ഭൂമിയിൽ എങ്ങനെ നടപ്പാക്കും? ക്രിസ്തു സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്തു ഇരിക്കുന്നതു കൊണ്ടു ക്രിസ്തുവിന്റെ ഭൂമിയിലെ വേല എങ്ങനെ തുടരും? "ക്രിസ്തുവിന്റെ ശരീരം മുഖാന്തരം'' എന്നതാണ് അതിനുത്തരം. സഭയുടെ സ്ഥാപനത്തോടുകൂടെ, ലോകത്തെ സ്നേഹിച്ചു സേവിപ്പാൻ ആക്കി വെച്ചിരിക്കുന്നതു അവന്റെ ആത്മീയ ശരീരമാണ്.

ശരീരമില്ലാത്ത തലയെയൊ, തലയില്ലാത്ത ശരീരത്തെയൊ പുതിയ നിയമം പറയുന്നില്ല. ഭൂമിയിൽ ഒരു ക്രിസ്ത്യാനി പോലുമില്ലെങ്കിൽ, നയിക്കുവാൻ, നിർദേശിക്കുവാൻ, സേവിക്കുവാൻ ക്രിസ്തുവിനു ശരീരം ഉണ്ടാകയില്ല. അധികാരത്തിനും സഹായത്തിനും ക്രിസ്ത്യാനികൾ ക്രിസ്തുവിലേക്കു നോക്കിയില്ലെങ്കിൽ, അവർ തലയില്ലാത്ത ശരീരമാകും. യേശു സഭയുടെ തലയും, അവന്റെ സഭയിലെ അംഗങ്ങൾ ഭൂമിയിൽ അവന്റെ ഇഷ്ടത്തോടു പറ്റിച്ചേരുകയും അവർ അവന്റെ പ്രവൃത്തി ഭൂമിയിൽ നിറവേറ്റുകയും വേണം.

തന്റെ പ്രവൃത്തി ചെയ്യേണ്ടവരാണ് ക്രിസ്തുവിന്റെ ആത്മീയ ശരീരത്തിലെ ക്രിസ്ത്യാനികൾ. ലോകത്തിൽ ആവശ്യങ്ങൾ കാണുവാനുള്ള കണ്ണുകളാണ് നാം. മനുഷ്യരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു നാം ശുശ്രൂഷിച്ചില്ലെങ്കിൽ, അവന്റെ ആത്മീയ ശരീരത്തിലെ കണ്ണുകൾ കാഴ്ച്ചയില്ലാത്തവയാകുന്നു. അവന്റെ വചനം കേൾക്കേണ്ട കാതുകളാണ് നാം. അവന്റെ ആത്മീയ ശരീരം കേൾവിയില്ലാത്തതായാൽ അതെത്ര ഖേദകരമാണ്! നാം അവന്റെ വചനം സംസാരിക്കയും ലോകത്തിൽ അവനെ സ്തുതിച്ചു പാടുകയും ചെയ്യേണ്ട നാവുകളാണ്. ഇതുപോലെയുളള സമയത്ത് അവന്റെ ശരീരം സംസാരിക്കാതിരുന്നാൽ അതെത്ര ഹൃദയ ഭേദകമാകും എന്നോർക്കുക. അവന്റെ ഉത്തരവാദിത്വങ്ങളും ചുമടുകളും ചുമക്കേണ്ട ചുമലുകളാണ് നാം. അവൻ തരുന്ന ഏതൊരു പ്രവൃത്തിയും ചെയ്യുവാൻ തക്കവണ്ണം അവന്റെ സഭ ആരോഗ്യവും ശക്തിയും ഉള്ളതാകണം. അവന്നുവേണ്ടി ഓടുന്ന അവന്റെ കാലുകൾ ബലവും പര്യാപ്തവുമാകണം. അവന്റെ സൗമ്യമായ കൈകളായി നാം ശുശ്രൂഷ ചെയ്യണം. അവന്റെ കൈകൾ പൂർണ്ണവും, പ്രവർത്തനനിരതവും, സേവനത്തിനു സമർപ്പിതവുമെന്നു നാം ഉറപ്പു വരുത്തണം.

ക്രിസ്തുവിന്റെ ആത്മീയ ശരീരത്തിന്റെ പ്രായോഗികത, വൈഭവം, ഉപയോഗം എന്നിവയെക്കുറിച്ചു ചിന്തിക്കുക. ഏതൊരു സമയത്തും, എവിടെയും ഒരാൾ ക്രിസ്ത്യാനിയായിതീരുമ്പോൾ, അയാൾ ക്രിസ്തുവിന്റെ ശരീരത്തിലെ അംഗമായി പ്രവർത്തിക്കാനും സ്നേഹം പ്രദർശിപ്പിക്കുവാനും തുടങ്ങും. ഇങ്ങനെ, അയാൾ ക്രിസ്തുവിന്റെ

ശുശ്രൂഷ തുടരുന്നു. അയാൾ ക്രിസ്തുവുമായി ഒന്നാവുകയും അവന്റെ ശരീരത്തിലെ എല്ലാ അംഗങ്ങളുമായി ഒന്നായിത്തീരുന്നു. അങ്ങനെ, ക്രിസ്തുവിന്റെ സഭയുടെ ഐക്യം ലോകത്തിൽ വെളിപ്പെടും. ബൈബിൾ സഭയ്ക്കു പറഞ്ഞിരിക്കുന്ന വിധത്തിലാണ് ഓരോ ക്രിസ്ത്യാനിയും അറിയപ്പെടേണ്ടത്. അയാൾ സഹായത്തിനായി ഭൂമിയിലെ ഒരു തലസ്ഥാനത്തിലേക്കും നോക്കാതെ; ശരീരത്തിന്റെ തലയായ ക്രിസ്തുവിൽ മാത്രം നോക്കുന്നു. തൽഫലമായി, സകലമാനവും മഹത്വവും ക്രിസ്തുവിനു നല്കുന്നു. എത്ര നിസാരമെന്നു നോക്കുക, എന്നാലും "ക്രിസ്തുവിന്റെ ശരീരം" എത്ര ബുദ്ധിപരവും, ഫലപ്രദവുമാണ്!

പരിമിതമായ നമ്മുടെ മനുഷ്യബുദ്ധിക്കു പോലും "ക്രിസ്തുവിന്റെ ശരീരം" എന്ന ആശയം അന്വർത്ഥമാണ്. അതു മതിയായതും, പ്രാവർത്തികവും, പ്രായോഗികവുമാണ്. അതു ദൈവത്തിന്റെ ജ്ഞാനവും മഹത്വവും പ്രതിഫലിപ്പിക്കുന്നു.

ക്രിസ്തുവിന്റെ മഹത്വത്തിനായി, അവന്റെ ശരീരമായി നമുക്കു ക്രിസ്തുവിന്റെ വേല ചെയ്യാം.

**ഉപസംഹാരം**

ഭൂമിയിൽ ക്രിസ്തുവിന്റെ ശരീരമാണ് സഭ. ഈ സത്യം നിമിത്തം റോമയിലെ ക്രിസ്ത്യാനികളോടു പൗലൊസ് പറഞ്ഞു, "ഒരു ശരീരത്തിൽ നമുക്കു പല അവയവങ്ങൾ ഉണ്ടല്ലൊ, എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ല താനും. അതുപോലെ, പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു" (റോമർ 12:4, 5). ക്രിസ്ത്യാനികളാകുമ്പോൾ, നാം ക്രിസ്തുവിനോടു ഏകീഭവിക്കയും, ക്രിസ്തു മുഖാന്തരം അവന്റെ ശരീരത്തിലെ ഓരോരുത്തരുമായി ഐക്യതയിലാകുന്നു, അങ്ങനെ ക്രിസ്തുവിനു വേണ്ടി, ഉപയോഗം, പ്രയോജനം ഉള്ളവരായിത്തീരുന്നു.

ഒരു ഡിപ്പാർട്ട്മെന്റ് സ്റ്റോറിലെ ബൊമ്മയും മനുഷ്യരും തമ്മിൽ എത്ര വ്യത്യാസമാണുള്ളത്! ബൊമ്മയ്ക്കു രൂപമുണ്ട്, പക്ഷെ ജീവനില്ല അതിനു പുറമെ ശരീരമുണ്ടെങ്കിലും, അകത്തൊന്നുമില്ല, ആത്മാവില്ല അതൊരു പ്രതിരൂപം മാത്രമാണ്, ഒരു കൃത്രിമമായ പ്രതിനിധീകരണമാണ്, അല്ലാതെ വാസ്തവത്തിലുള്ളതല്ല. മനുഷ്യനു രൂപമുണ്ട്, ആത്മാവും, മനസ്സും ഉണ്ട്; അവനു വിചാരിക്കുവാനും, തോന്നുവാനും, സ്നേഹിക്കുവാനും, അനുസരിക്കാനും കഴിയും.

മനുഷ്യനിർമ്മിതമായ സംഘടനകളും ക്രിസ്തുവിന്റെ ശരീരവും തമ്മിലുള്ള വ്യത്യാസം മനസ്സിലാകുവാൻ ഉപകരിക്കുന്നതാണ് ഒരു ബൊമ്മയും യഥാർത്ഥ മനുഷ്യനും തമ്മിലുള്ള വ്യത്യാസം. മനുഷ്യസംഘടനയ്ക്കു രൂപമുണ്ട്, എന്നാൽ അതിൽ ദൈവം വസിക്കുന്നില്ല; അതിൽ മനുഷ്യർ മാത്രമാണുള്ളത്. മനുഷ്യസംഘടനകളിൽ ആളുകൾ നേടിയെടുക്കാൻ ചെയ്യുന്നതെല്ലാം മനുഷ്യബുദ്ധിയും ഊർജ്ജവും മാത്രമാണ്. ക്രിസ്തുവിന്റെ ശരീരത്തെ ആത്മാവിനാൽ പണിയുകയും, ദൈവത്തിന്റെ ജീവനിൽ അതു ജീവിക്കയും അതിനെ നയി

ക്കുകയും സഹായിക്കയും ചെയ്യുന്നതു ക്രിസ്തു തന്നെ ആയിരുന്നു.

പുതിയ നിയമ സഭ ക്രിസ്തുവിന്റെ ശരീരമാണ്. ആധികാരികമായ ഓരോ ക്രിസ്ത്യാനിയും അതിലെ അംഗമാണ്. അതൊരു സംഘടനയല്ല, ക്രിസ്തുവിന്റെ ആത്മാവുള്ള ഒരു സ്ഥാപനമാണ്. അതിനെ നയിക്കുന്നതു തലയായ ക്രിസ്തുവത്രേ. അതിന്റെ ലോകത്തിലെ ഉദ്ദേശം ക്രിസ്തുവിന്റെ മഹത്വത്തിനായി ജീവിക്കുകയും സേവിക്കുകയും ചെയ്യുക എന്നതാണ്.

നിങ്ങൾ ക്രിസ്തുവിന്റെ ശരീരത്തിൽ അംഗമാണോ?

### ചർച്ചയ്ക്കും പഠനത്തിനും ഉള്ള ചോദ്യങ്ങൾ

1. "ക്രിസ്തുവിന്റെ ശരീര" ത്തെ സഭയുമായുള്ള ബന്ധത്തിൽ രണ്ടു വിധത്തിൽ ഉപയോഗിച്ചിരിക്കുന്നതേതെല്ലാം?
2. ക്രിസ്തുവിനോടു ചേരുവാനുള്ള സ്നാനം ക്രിസ്തുവുമായി നമ്മെ ഏകീഭവിപ്പിക്കുന്നതു വിശദമാക്കുക?
3. ക്രിസ്തുവിനോടു ചേരുന്നതെങ്ങനെ എന്നാണ് റോമർ 6:3 പറയുന്നത്?
4. വിവാഹത്തിൽ ഒന്നാകുന്നതും ക്രിസ്തുവുമായി ഏകീഭവിക്കുന്നതും താരതമ്യം ചെയ്യുക.
5. ക്രിസ്തുവുമായി ഏകീഭവിക്കുന്നതിനെക്കുറിച്ചു റോമർ 6:4 പറയുന്നതെന്ത്?
6. നാം ക്രിസ്തുവിലാകുന്നത് എങ്ങനെ എന്നാണ് 1 കൊരിന്ത്യർ 12:13 പറയുന്നത്?
7. ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങൾ, സഭകളോ, അല്ലെങ്കിൽ ക്രിസ്ത്യാനികളോ ആരാണ്?
8. നമുക്കു അന്യോന്യം ഉള്ള ബന്ധത്തെക്കുറിച്ചു "ക്രിസ്തുവിന്റെ ശരീരം" എന്ന പദപ്രയോഗം പറയുന്നതെന്ത്?
9. ക്രിസ്തുവിന്റെ ശരീരത്തിൽ ഐക്യതയോടുള്ള ബന്ധത്തിൽ നാമധേയ വിഭാഗങ്ങളെ ചർച്ച ചെയ്യുക?
10. ക്രിസ്തുവുമായുള്ള നമ്മുടെ ഐക്യതയെക്കുറിച്ചു ഗലാത്യർ 3:28 പറയുന്നതെന്താണ്?
11. ലോകത്തിൽ ഏതു വിധത്തിലാണ് ക്രിസ്തുവിന്റെ വേല ചെയ്യേണ്ടത്?
12. സഭ തലയില്ലാത്ത ശരീരമോ, ശരീരമില്ലാത്ത തലയോ ആണോ?
13. ലോകത്തിൽ നാം ക്രിസ്തുവിന്റെ ശരീരമായി എങ്ങനെ പ്രവർത്തിക്കും?
14. സഭയും "ക്രിസ്തുവിന്റെ ശരീര" വും ഒന്നാണോ?
15. ഒരു സ്ഥാപനവും സംഘടനയും തമ്മിലുള്ള വ്യത്യാസം താരതമ്യം ചെയ്യുക.

---

കുറിപ്പ്

[1]അനുബന്ധം 3-ൽ "ക്രിസ്തുവിന്റെ ശരീരം" എന്ന പുതിയ നിയമത്തിലെ എല്ലാ പ്രയോഗവും ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ലിസ്റ്റ് ആ പ്രയോഗത്തിന്റെ ഉപയോഗം പഠിക്കുവാനും സഭയുടെ പ്രത്യേക സ്വഭാവത്തിന്റെ പ്രധാന്യം ഗ്രഹിക്കുവാനും സഹായിക്കും.

© 2009 Truth for Today